# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 315 | 07.08.2017 — ൽ മറുപടിക്ക്

## ഇ-പോർട്ട് റേഷൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറയം ഗോപകുമാർ<br>,, ഇ.കെ.വിജയൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഇ-പോർട്ട് റേഷൻ സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇ-പോസ് മെഷീനുകൾ എല്ലാ റേഷൻ കടകളിലും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ; | (ബി) ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) ഉപകരണങ്ങൾ വഴി ഗുണഭോക്താക്കളുടെ ബയോമെട്രിക് വിവരങ്ങൾ സ്വീകരിച്ച് വാലിഡേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് മാത്രം റേഷൻ വിതരണം നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ സാധിക്കും. ഇതുവഴി റേഷൻ വിതരണം കൂടുതൽ സുതാര്യമാക്കാൻ കഴിയും. |
| (സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) സിവിൽ സപ്ലൈസ് വകുപ്പിന് വേണ്ടി കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ഇ-പോസ് മെഷീനുകൾ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങുന്നത്. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ